17635/FIN-INT.AUDIT-1/2018/Fin 14.06.2018

**<u>കാലിക്കറ്റ് സർവകലാശാലാ ആഭ്യന്തര ഓഡിറ്റ് വിഭാഗം 2018 മെയ് മാസം 17, 18 തിയതികളിൽ വയനാട് ജില്ലയിലെ ചെതലയം ITSR പഠനകേന്ദ്രം സന്ദർശിച്ച് തയ്യാറാക്കിയ റിപ്പോർട്ട്.</u>**

ആദിവാസി ജനവിഭാഗത്തെ അവരുടെ സ്വാഭാവികമായ ജീവിത പശ്ചാത്തലത്തിൽ നിന്നുകൊണ്ടു ഉന്നതവിദ്യാഭ്യാസ സാദ്ധ്യതകൾ പ്രാപ്യമാക്കി സമൂഹത്തിന്റെ മുഖ്യ ധാരയിലേക്ക് കൊണ്ടുവരിക എന്ന മഹത്തായ ലക്ഷ്യവുമായി മുന്നോട്ടു പോകുന്ന ഒരു സ്ഥാപനമാണ് കാലിക്കറ്റ് സർവകലാശാലയുടെ കീഴിലുള്ള പഠന കേന്ദ്രമായ ITSR.

നിലവിൽ പൂർണമായും സൗജന്യമായി സർക്കാർ അനുകൂല്യങ്ങളോടെ ഒരു ബാച്ചിൽ 40 ആദിവാസി (പട്ടികവർഗ) വിദ്യാർത്ഥികൾക്ക് സോഷിയോളജിയിൽ (സ്വാശ്രയ ഫീസ് ) ബിരുദ പഠനത്തിനു സൗകര്യമുള്ള ഈ സ്ഥാപനത്തിൽ ഈ അധ്യയനവർഷം മുതൽ ഇതേ വിഷയത്തിൽ ബിരുദാനന്തര ബിരുദ പഠനത്തിനുള്ള സൗകര്യം കൂടി നടപ്പാവുകയാണ്.

വനാന്തർഭാഗത്തെ തനതു ജീവിതശൈലിയിൽ നിന്നും വ്യത്യസ്തമായി മുഴുവൻ സമയവും പാഠ്യ, പഠ്യേതര വിഷയങ്ങളിൽ വ്യാപാരിച്ച് പഠനകാലം കഴിയുന്നതുവരെ ഈ പഠനകേന്ദ്രത്തിൽ തന്നെ താമസിച്ചു പഠിക്കുന്ന വിദ്യാർത്ഥികളാണ് ഇവിടെയുള്ളത്.

വനപ്രദേശമായതിനാൽ പഠനകേന്ദ്രത്തിലേക്കുള്ള വൈദ്യുത ബന്ധത്തിലുണ്ടാകുന്ന തകരാറുകൾ പതിവാണ് . വൈദ്യുത ബന്ധം പുനഃസ്ഥാപിക്കാൻ കാലതാമസം നേരിടുമ്പോൾ വെള്ളവും വെളിച്ചവുമില്ലാതെ ദിവസങ്ങളോളം കഴിയേണ്ട അവസ്ഥയുണ്ടാകാറുണ്ട് എന്നറിയുന്നു. വെള്ളത്തിനായി ഇവിടെ ഒരു കുഴൽ കിണറിനെയാണ് ആശ്രയിക്കുന്നത് . നിലവിലുള്ള ഇൻവെർട്ടർ സംവിധാനം പ്രവർത്തിക്കുന്നില്ല.

വെള്ളം വെളിച്ചം എന്നിവയുടെ ലഭ്യതയിലുണ്ടാകുന്ന തടസ്സങ്ങൾ പരിഹരിക്കുന്നതിനായി നിശ്ശബ്ദം പ്രവർത്തിക്കുന്ന വൈദ്യുത ജനറേറ്ററോ, സൗരോർജ പാനലുകളോ സ്ഥാപിക്കാവുന്നതും, സ്വാഭാവികമായുണ്ടാവുന്ന സാങ്കേതികതകരാറുകൾ യഥാസമയം പരിഹരിക്കാനായി ഒരു ഇലക്ട്രിഷൻ കം പ്ളംബറെ ചുമതലപ്പെടുത്താവുന്നതുമാണ് .

ആൺകുട്ടികൾക്കുള്ള താമസസൗകര്യത്തിനായി ഹോസ്റ്റൽ പെട്ടെന്നുതന്നെ നിർമിക്കേണ്ടതുണ്ട്.

വനത്തിലെ പരിസ്ഥിതിക്കു കോട്ടം തട്ടാത്ത വിധത്തിലുള്ള മാലിന്യ സംസ്കരണ ഉപാധികൾ സ്വീകരിക്കേണ്ടതും കർശനമായി നടപ്പാക്കേണ്ടതുമാണ്.

**ഓഫീസിൽ സൂക്ഷിക്കുന്ന രജിസ്റ്ററുകൾ രേഖകൾ എന്നിവ പരിശോധിച്ചു.**

**1) കാഷ് ബുക്ക്**

കാഷ് ബുക്ക് പരിശോധിച്ചതിൽ രണ്ട് എസ് .ബി .ഐ . എക്കൗണ്ടുകൾ തുടർന്നുവരുന്നതായി കണ്ടു.

a) A/c നം. 35269209677 എസ് .ബി .ഐ .സുൽത്താൻ ബത്തേരി ( ഇ ഗ്രാന്റ്സ് സംബന്ധമായ ഇടപാടുകൾക്ക് വേണ്ടി ) 17 .05 .2018 ന് ഈ അക്കൗണ്ടിൽ പണമൊന്നും ബാക്കിയില്ല.

b) A/c നം. 67338535038 എസ് .ബി .ഐ .സുൽത്താൻ ബത്തേരി ( പഠന കേന്ദ്രത്തിലെ മറ്റു സാമ്പത്തിക ഇടപാടുകൾക്കു വേണ്ടി ) 17 .05 .2018 ന് ഈ അക്കൗണ്ടിൽ 48378/-രൂപ ബാക്കിയുണ്ട് .

**അപാകതകൾ ഒന്നും കണ്ടെത്തിയിട്ടില്ല.**

**2 ) അപ്രോപ്രിയേഷൻ രജിസ്റ്റർ, എഫ് .എഫ്..ആർ, ബാങ്ക് സ്റ്റേറ്റ്മെന്റ്, ഡി .സി .ബി . സ്റ്റേറ്റ്മെന്റ്, സ്റ്റോക്ക് രജിസ്റ്റർ, എന്നിവ പരിശോധിച്ചു.**

**അപാകതകൾ ഒന്നും കണ്ടെത്തിയിട്ടില്ല.**

3) **ഉപയോഗിച്ച ചെക്ക് ബുക്കുകൾ**

17 .03 .2017 ന് കാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ള **ചെക്ക് നം . 391865 ചെക്ക് ബുക്കിന്റെ കൗണ്ടർ ഫോയിലിൽ രേഖപ്പെടുത്തിയതായി കാണുന്നില്ല.**

4) **അസെഷൻ രജിസ്റ്റർ**

ലൈബ്രറിയിൽ അസെഷൻ രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ട് .ആകെ 1583 പുസ്തകങ്ങൾ ഇതിൽ രേഖപ്പെടുത്തിയിട്ടുണ്ട് .
എസ് .പി .ജി ഫണ്ട് 3,00,000/ - രൂപയും ITDP യിൽ നിന്ന് 1,50,000 /- രൂപയും ലഭിച്ചതുപയോഗിച്ച് പുസ്തകങ്ങൾ വാങ്ങിയിട്ടുണ്ട്. പഠന കേന്ദ്രത്തിലെ വിദ്യാർത്ഥികളെ സിവിൽ പരീക്ഷകൾ എഴുതാൻ സജ്ജരാക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്നുണ്ട് എന്നറിയുന്നു.

2015 ഇൽ ആരംഭിച്ച ഈ പഠനകേന്ദ്രത്തിലെ ലൈബ്രറിയുടെ പ്രവർത്തനം കമ്പ്യൂട്ടർ വത്കരിക്കുന്നതിനെക്കുറിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് അന്വേഷിച്ചു. അതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടത്തിവരികയാണെന്ന് അറിയിക്കുകയുണ്ടായി. ഈ ആവശ്യം ഉന്നയിച്ച് സ്ഥാപനത്തിന്റെ മേധാവി ഒരു കത്ത് ബഹുമാനപ്പെട്ട വൈസ് ചാൻസലർ മുമ്പാകെ സമർപ്പിച്ചതിന്റെ ഒരു പകർപ്പ് ആഭ്യന്തര ഓഡിറ്റ് വിഭാഗത്തിനും നൽകിയിട്ടുണ്ട്.

ലൈബ്രറിയുടെ പ്രവർത്തനം സുതാര്യവും സുഗമവുമാക്കുന്നതിനു വേണ്ടി കത്തിൽ ആവശ്യപ്പെട്ട പ്രകാരം സർവകലാശാലയുടെ ലൈബ്രറിയുമായി ബന്ധപ്പെട്ട ഒരു കമ്പ്യൂട്ടർ സാങ്കേതിക വിദഗ്ധനെ / പ്രോഗ്രാമറെ താമസം വിനാ പ്രസ്തുത സ്ഥാപനത്തിലേക്ക് അയച്ച് KOHA എന്ന കമ്പ്യൂട്ടർ സോഫ്റ്റ്‌വെയർ ഇൻസ്റ്റാൾ ചെയ്തു കൊടുക്കാവുന്നതാണ്.

**5) ഇ ഗ്രാന്റ്സ് രജിസ്റ്റർ**

ഇ ഗ്രാന്റ്സ് രജിസ്റ്റർ പരിശോധിച്ചു. ITSR ലെ മുഴുവൻ വിദ്യാർത്ഥികളും ആനുകൂല്യങ്ങൾക് അര്ഹരാണ്.

**അപാകതകൾ ഒന്നും കണ്ടെത്തിയിട്ടില്ല.**

**6) ഉത്തരക്കടലാസുകളുടെ രജിസ്റ്റർ**

ഉത്തരക്കടലാസുകളുടെ കണക്കു സൂക്ഷിക്കുന്ന രജിസ്റ്റർ പരിശോധിച്ചു . കണക്കു സൂക്ഷിക്കുന്ന രീതിയിൽ മാറ്റം വരുത്താവുന്നതാണ്.
തുടക്കത്തിലുള്ള സ്റ്റോക്കും കൂട്ടിച്ചേർക്കപ്പെടുന്ന എണ്ണവും ഓരോ പരീക്ഷയ്ക്കും ഉപയോഗിക്കുന്ന എണ്ണവും പരീക്ഷയ്ക്ക് ശേഷം ബാക്കി വരുന്ന എണ്ണവും (മെയിൻ ഷീറ്റും, അഡിഷണൽ ഷീറ്റും വേർതിരിച്ച് ) പട്ടിക രൂപത്തിൽ രെജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.

Suresh K.K

Finance Officer